ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ/കോളേജ് നിയമനങ്ങൾക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) 16-1-2002-ന് ശേഷമുള്ള എല്ലാ നിയമനങ്ങൾക്കും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. കോളേജ് തലത്തിൽ പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനെ തുടർന്നാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) കോളേജ് തലത്തിലുള്ള നിരോധന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) ഈ സർക്കാർ ഉത്തരവുപ്രകാരം ചില നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. 16-1-2002-ലെ (പി) 56/2002/ഫിൻ ഉത്തരവ് പ്രകാരം ഒരു തരത്തിലുള്ള നിയമനങ്ങളും നിരസിക്കപ്പെടുന്നില്ല. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ജി) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയശേഷം ഒഴിവുകൾ നികത്താവുന്നതാണ്. കൂടാതെ പി.എസ്.സി. നിയമനങ്ങൾ സർക്കാർ അനുമതിയോടെ നടത്താവുന്നതാണ്. കോളേജ് തലത്തിലുള്ള അദ്ധ്യാപക തസ്തികകളിൽ ഗസ്റ്റ് ലക്ചർമാരെ നിയമിക്കുവാൻ കോളേജ് പ്രിൻസിപ്പിൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൈവറ്റ് കോളേജുകളിൽ നിരവധി അനദ്ധ്യാപക തസ്തികകൾ അധികമാണെന്ന് കണ്ടതിനെത്തുടർന്ന് അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം ചെയ്തുവരികയാണ്. ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെങ്കിൽ നികത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പദ്ധതി പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലകൾക്ക് നൽകുന്ന നടപടി

188 (2936) ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ നൽകുന്ന പദ്ധതി പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലകൾക്ക് നൽകാറുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വരവ് ചെലവ് അനുപാതത്തിൽ ഉള്ള അന്തരം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പദ്ധതി ഗ്രാന്റ് സർവ്വകലാശാലകളുടെ വികസന പ്രവർത്തനങ്ങൾക്കും പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലകളുടെ ദൈനംദിന ഭരണ ചെലവുകൾക്കുമായി അനുവദിച്ചുവരുന്നു.

(ബി) സർവ്വകലാശാലകൾക്ക് സ്വന്തമായ മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉള്ളതിനാൽ വരവ് ചെലവ് അനുപാതത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശനം

189 (2938) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിൽ പ്രവേശനം നൽകുമ്പോൾ സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകാറുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളിൽ എത്ര സീറ്റുകൾ വീതം സ്പോർട്സ് ക്വാട്ടയിൽ നിന്നും എടുക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്നതിന് ലിസ്റ്റ് ഉണ്ടാക്കുന്നതിന് പ്രത്യേകം കമ്മിറ്റിയെ ചുമതലപ്പെടുത്താറുണ്ടോ ;

(ഡി) യൂണിവേഴ്സിറ്റിയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഈ കമ്മിറ്റിയിൽ അംഗമാണോ ;

(ഇ) അല്ലെങ്കിൽ 2003-ലെ സ്പോർട്സ് ക്വാട്ട പ്രവേശനം മുതൽ യൂണിവേഴ്സിറ്റിയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് ഈ ചുമതല നൽകുമോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ജി) ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ പ്രവേശനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകുന്ന കുട്ടികൾക്ക് മറ്റ് യൂണിവേഴ്സിറ്റികളിൽ പ്രവേശനം നൽകുന്നതുപോലെ മെരിറ്റ് സീറ്റിലാണോ പ്രവേശനം നൽകുന്നത് ; അല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഐ) ഷിപ്പ് ബിൽഡിംഗ് കോഴ്സിൽ 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ എത്രപേർക്ക് വീതമാണ് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകിയതെന്ന് വർഷം തിരിച്ച് പേര് വിവരം സഹിതം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly